**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1422** **30-08-2022 - ൽ മറുപടിയ്ക്ക്**

**തൊഴിലവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016-2021 സർക്കാർ എത്ര തൊഴിലവസരങ്ങളാണ് സൃഷ്ടിച്ചതെന്ന് വിശദമാക്കാമോ? | (എ) | മുൻ സർക്കാരിന്റെ കാലത്ത് എല്ലാ തൊഴിൽ മേഖലയിലും ഉണർവ്വ് ഉണ്ടാക്കുന്നതിലും പൊതു-സ്വകാര്യ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും വലിയ നേട്ടം കൈവരിക്കാൻ കഴിഞ്ഞു. പി.എസ്.സി മുഖാന്തിരം 1,61,361 പേർക്ക് നിയമനം നൽകി. 27,000 സ്ഥിരം തസ്തികകളൾപ്പെടെ 44,000-ത്തിൽ അധികം പുതിയ തസ്തികകൾ സൃഷ്ടിച്ചു. എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സ്ഥിര നിയമനം ഉൾപ്പെടെ 50,000 ൽ അധികം പേർക്ക് നിയമനം നൽകി. സ്വകാര്യ മേഖലയിൽ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിലൂടെ നിയമനം നൽകിവരുന്നുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ എണ്ണം 1.4 ലക്ഷം ആയി ഉയർത്തിയതിലൂടെ ഈ മേഖലയിൽ 4.18 ലക്ഷം തൊഴിലാളികൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇവരുടെ എണ്ണം 6.38 ലക്ഷമായി ഉയർന്നു. ഐടി മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഗണ്യമായി വർദ്ധിപ്പിച്ചതിലൂടെ നിരവധി സ്വകാര്യ സംരംഭങ്ങൾ പുതുതായി പ്രവർത്തനം ആരംഭിക്കുകയും, അതിലൂടെ പ്രത്യക്ഷമായും പരോക്ഷമായും ആയിരക്കണക്കിന് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ